സർക്കാർ ഭൂമിയിൽ കുടിൽകെട്ടി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം

155 (1198) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമിയിൽ കുടിൽകെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാത്തത് സംബന്ധിച്ച കണക്ക് വകുപ്പിന്റെ കൈവശമുണ്ടോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ താമസസ്ഥലത്തിന് പട്ടയം കിട്ടാത്ത എത്ര അപേക്ഷകർ ഉണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത്തരക്കാരുടെ വിഷയം പ്രത്യേകം പരിഗണിച്ച് താമസസ്ഥലത്തിന് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

മഞ്ചേശ്വരം താലൂക്ക്	...	50
കാസർഗോഡ് താലൂക്ക്	...	185
ഹോസ്ദുർഗ് താലൂക്ക്	...	300
വെള്ളരിക്കുണ്ട് താലൂക്ക്	...	160
ആകെ	...	695

(സി) ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം

156 (1199) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ വാകയാട് പ്രദേശത്ത് പുഴലിക്കാറ്റിൽ നഷ്ടപ്പെട്ട സ്വത്തുക്കളുടേയും കാർഷിക വിഭവങ്ങളുടേയും കണക്കുകൾ സർക്കാരിന് ലഭ്യമാക്കിയിരുന്നോ ;

(ബി) ഉണ്ടെങ്കിൽ എത്രമാത്രം ഇനത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായതായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിൽ കർഷകർക്കോ സ്വയംതൊടമകൾക്കോ ധനാശ്വാസം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8,11,891 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) ആശ്വാസ ധനസഹായം വിതരണം ചെയ്യുവരുന്നു.

പ്രകൃതിക്ഷോഭ നാശനഷ്ടപരിഹാരം

157 (1200) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം യഥാസമയം കൊടുത്തു തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതലുള്ള തുകയാണ് കുടിശ്ശികയുള്ളത്;

(ബി) എത്ര തുകയാണ് ഓരോ ജില്ലയിലും കുടിശ്ശികയുള്ളത് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) കുടിശ്ശിക തുക എന്നുമുതൽ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) നഷ്ടപരിഹാരം യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ കൊടുത്തു തീർത്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ കുടിശ്ശിക തീയതി അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽ അവശേഷിക്കുന്ന തുക 31-3-2015-ന് മുമ്പ് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷം കുടിശ്ശികയാകുന്ന തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ കൊടുത്ത് തീർക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ അപര്യാപ്തതയും ഗുണഭോക്താക്കൾ യഥാസമയം തുക കൈപ്പറ്റാത്തതുമാണ് വിതരണത്തിൽ കുടിശ്ശിക ഉണ്ടാക്കാൻ കാരണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly